നം.ഇ.എസ് 2/106163/2003/ആ.വ.ഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം തീയതി 19.08.14

നോട്ടീസ്

വിഷയം - ആ.വ.ഡ - കോഴിക്കോട് ജില്ലയിൽ താമരശ്ശേരി താലൂക്ക് ആശുപത്രിയിലെ യു.ഡി ക്ലർക്ക് ശ്രീ. എം.ആർ കൃഷ്ണന്റെ സീനിയോറിറ്റി പുനക്രമീകരിക്കുന്നത് - സംബന്ധിച്ച്

സൂചന - 1. ഉത്തരവ് നം. ഒ & എം2/78765/89/ആ.വ.ഡ തീയതി 17.04.91.
2. ഉത്തരവ് നം. ഇ.എസ്2 (സ്പെഷ്യൽസെൽ) / 67069/ 2006/ആ.വ.ഡ തീയതി 29.09.07.
3. സർക്കാർ കത്ത് നം. 39305/എച്ച്1/2013/ആ.കു.വ തീയതി 21.07.14

ശ്രീ. എം.ആർ കൃഷ്ണൻ കാസർകോഡ് ജില്ലാ പബ്ലിക് സർവീസ് കമ്മീഷൻ മുഖേന 26.12.88 ൽ എൽ.ഡി ക്ലർക്കായി ജോലിയിൽ പ്രവേശിച്ചു. സൂചന 1 ലെ ഉത്തരവ് പ്രകാരം എൽ.ഡി ക്ലർക്കുമാരുടെ 6/86 മുതൽ 8/90 വരെയുള്ള സീനിയോറിറ്റി പട്ടികയിൽ ശ്രീ.എം.ആർ കൃഷ്ണനെ 600 -ാമത്തെ റാങ്ക് നമ്പരായി ഉൾപ്പെടുത്തുകയും ചെയ്തു. തുടർന്ന് 24.08.89 ൽ പാലക്കാട് ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ചു. 6/90 ൽ ഡിപ്പാർട്ട്മെന്റ് ടെസ്റ്റിൽ യോഗ്യത നേടുകയും ചെയ്തു.

ടിയാൻ എൽ.ഡി ക്ലർക്ക് തസ്തികയിൽ തുടരവെ അന്തർജില്ലാ സ്ഥലംമാറ്റം വാങ്ങിയതിനാൽ കെ.എസ് & എസ്.എസ് ആർ ചട്ടം 27 (എ) പ്രകാരം ടിയാളുടെ സീനിയോറിറ്റി പാലക്കാട് ജില്ലയിൽ പ്രവേശിച്ച 24.08.89 മുതൽ മാത്രമേ പരിഗണിക്കുവാൻ കഴിയുകയുള്ളൂ. എന്നാൽ ഇത് കണക്കിലെടുക്കാതെ കാസർകോഡ് ജില്ലയിൽ ആർജ്ജിച്ച സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ടിയാന് 20.11.90 മുതൽ മുൻകാലപ്രാബല്യത്തിൽ യു.ഡി ക്ലർക്കായി പ്രമോഷൻ നൽകുകയും ചെയ്തു. ഇത് തെറ്റാണെന്ന് ബോധ്യമായതിനാൽ ടിയാന്റെ എൽ.ഡി ക്ലർക്ക് തസ്തികയിലെ സീനിയോറിറ്റി നിയമാനുസൃതം പുനക്രമീകരിച്ച് യു.ഡി ക്ലർക്ക് തസ്തികയിൽ സീനിയോറിറ്റി റാങ്ക് നൽകുവാൻ സൂചന 3 ലെ കത്ത് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ ടിയാൾ 24.08.89 ൽ ജോലിയിൽ പ്രവേശിച്ച തസ്തികയിൽ ഇരിക്കവേ അന്തർജില്ലാ സ്ഥലംമാറ്റം വാങ്ങിയതിന്റെയും വകുപ്പുതല പരീക്ഷ പാസ്സായിട്ടുള്ളതിന്റെയും അടിസ്ഥാനത്തിൽ ക്ലർക്ക് / സീനിയർ ക്ലർക്ക് തസ്തികകളിൽ ടിയാന്റെ സീനിയോറിറ്റി താഴെപ്പറയും പ്രകാരം പുനർ നിർണ്ണയിക്കുന്നതിന് താത്ക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

| ക്രമ നമ്പർ | പേര് | എൽ.ഡി ക്ലർക്ക് തസ്തികയുടെ നിലവിലെ റാങ്ക് നം. | പുനർ നിർണ്ണയിക്കുമ്പോൾ നൽകാൻ ഉദ്ദേശിക്കുന്ന റാങ്ക് നം. (6/86 മുതൽ 8/90) | ജനനത്തീയതി | അന്തർജില്ലാ സ്ഥലംമാറ്റം വാങ്ങിയ തീയതി | പ്രൊബേഷൻ പൂർത്തീകരിച്ച തീയതി | യു.ഡി തസ്തികയിൽ നിലവിലെ റാങ്ക് നമ്പർ | വകുപ്പുതല പരീക്ഷ പാസ്സായ തീയതി | യു.ഡി തസ്തികയിൽ സീനിയോറിറ്റി/ ഒഴിവിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുന്ന തീയതി | യു.ഡി ക്ലർക്ക് സീനിയോറിറ്റി പട്ടികയിൽ നൽകാൻ ഉദ്ദേശിക്കുന്ന റാങ്ക് നം (14.10.93 മുതൽ 16.06.2000) |
|---|---|---|---|---|---|---|---|---|---|---|
| 1 | എം.ആർ കൃഷ്ണൻ | 600 | 820 എ | 25.05.1960 | 24.08.89 | 03.01.1991 | ഇല്ല | 6/90 | 25.05.1999 | 371 എ |

ഇത് സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ഉള്ളവർ ഈ നോട്ടീസ് തീയതി മുതൽ 30 ദിവസത്തിനുള്ളിൽ അത് ഉചിതമാർഗ്ഗേന ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

ഒപ്പ്/-
എസ്. രാധാകൃഷ്ണൻ നായർ
*സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ*

സ്വീകർത്താവ്

ശ്രീ.എം. ആർ കൃഷ്ണൻ
സീനിയർ ക്ലർക്ക്
താലൂക്ക് ആശുപത്രി
താമരശ്ശേരി, കോഴിക്കോട്

പകർപ്പ്

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
2. ഇ.ഡി സെക്ഷൻ
3. ഫയൽ / സ്റ്റോക്ക് ഫയൽ

// ഉത്തരവോടെ //

സീനിയർ സൂപ്രണ്ട്